"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - എൽ.എ.സി.എ.ഡി.എസ് - കൊല്ലം ജില്ല - ചടയമംഗലം നിയോജക മണ്ഡലത്തിലെ കടയ്ക്കൽ ജി.യു.പി.എസ് - ന് സ്കൂൾ ബസ് വാങ്ങുന്നതിന് അനുവദിച്ച തുക മാറി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ(എം) വകുപ്പ്**

സ.ഉ.(സാധാ) നം.3553/2023/GEDN തീയതി,തിരുവനന്തപുരം, 16-06-2023

പരാമർശം:-

1. 09/12/2016 തീയതിയിലെ സ.ഉ(പി) 178/16/ധന നമ്പർ ഉത്തരവ്
2. 05/03/2019 തീയതിയിലെ സ.ഉ(സാധാ) 1648/19/ധന നമ്പർ ഉത്തരവ്
3. കൊല്ലം ജില്ലാ കളക്ടറുടെ 27/06/2022 ലെ ഡി6/1487/2022/എം.എൽ.എ - എ.ഡി.എസ് നമ്പർ ഉത്തരവ്
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 16/01/2023 ലെ ബി2/585/2022/ഡിജിഇ നമ്പർ കത്ത്

**ഉത്തരവ്**

ആസ്തിവികസന ഫണ്ടിൽ (2019-20) നിന്നും ചടയമംഗലം നിയോജക മണ്ഡലത്തിലെ കടയ്ക്കൽ ജി.യു.പി.എസ് - ന് 4202-01-800-84- project under LAC-ADS other projects — NP എന്ന ശീർഷകത്തിൽ നിന്നും 25,00,000/- (ഇരുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) വിനിയോഗിച്ച് വാഹനം വാങ്ങുന്നതിന് പരാമർശം (3) പ്രകാരം ഭരണാനുമതി ലഭ്യമായ സാഹചര്യത്തിൽ ടി സ്കൂളിന് വാഹനം വാങ്ങിയതിന് ചെലവായ 21,76,149/- രൂപ അനുവദിച്ച് നൽകണമെന്ന് ആവശ്യപ്പെട്ട് കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ പരാമർശം (4) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിലേയ്ക്ക് ശുപാർശ ചെയ്തു. പരാമർശം (2) പ്രകാരം 14 ജില്ലകളിലെയും വിദ്യാഭ്യാസ ഉപഡയറക്ടർമാരെ മേൽ ശീർഷകത്തിലെ ഡ്രോയിംഗ് & ഡിസ്ബേർസിങ്ങ് ആഫീസറായി ചുമതലപ്പെടുത്തിയിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ചടയമംഗലം നിയോജക മണ്ഡലത്തിലെ കടയ്ക്കൽ ജി.യു.പി.എസ് - ന് സ്കൂൾ ബസ് വാങ്ങിയതിന് ചെലവായ 21,76,149/- (ഇരുപത്തിയൊന്ന് ലക്ഷത്തി എഴുപത്തിയാറായിരത്തി ഒരുന്നൂറ്റി നാല്പത്തിയൊൻപത് രൂപ മാത്രം) രൂപ നടപ്പുസാമ്പത്തിക വർഷം "4202-01-800-84- Projects under LAC ADS — other Projects (NP)" എന്ന ശീർഷകത്തിൽ വകയിരുത്തിയ

തുകയിൽ നിന്നും അനുവദിച്ചുകൊണ്ടും പരാമർശം (1) ഉത്തരവിലെ നടപടിക്രമങ്ങൾ, പരാമർശം (3) ഉത്തരവിലെ നിബന്ധനകൾ എന്നിവ പാലിച്ച് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കൊല്ലം ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീലത ആർ എസ്
ജോയിന്റ് സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (എ & ഇ) (ആഡിറ്റ്), തിരുവനന്തപുരം
ജില്ലാ കളക്ടർ, കൊല്ലം
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം
ധനകാര്യ വകുപ്പ്
ഐ & പി.ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, പൂജപ്പുര (പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Namitha T
Date: 17-06-2023 10:43:29
സെക്ഷൻ ഓഫീസർ